**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 214** **08-08-2023 - ൽ മറുപടിയ്ക്ക്**

**മരുന്ന് ക്ഷാമം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വേദന സംഹാരികൾ, ആന്റിബയോട്ടിക്കുകൾ, ഗ്യാസ്ട്രിക് രോഗങ്ങൾ, പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ, ഹൃദ്രോഗം തുടങ്ങിയവയ്ക്കുള്ള അവശ്യ മരുന്നുകൾ ആശുപത്രികളിൽ ലഭ്യമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വേദന സംഹാരികൾ, ആന്റിബയോട്ടിക്കുകൾ, ഗ്യാസ്ട്രിക് രോഗങ്ങൾ, പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ, ഹൃദ്രോഗം തുടങ്ങിയവയ്ക്കുള്ള അവശ്യ മരുന്നുകൾ ആശുപത്രികളിൽ ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട്. **2023-24** സാമ്പത്തിക വർഷത്തെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് വാർഷിക ഇൻഡന്റിന്റെ **40%** നുള്ള വിതരണോത്തരവുകൾ ആദ്യഘട്ടത്തിൽ നൽകി ജൂൺ മാസത്തിനു മുമ്പുതന്നെ ആവശ്യാനുസരണം മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടമായി **30%** മരുന്നുകൾക്കുള്ള വിതരണോത്തരവുകൾ നൽകിവരുന്നു. |
| (ബി) | മെഡിക്കൽ കോളേജുകൾക്കും ജനറൽ ആശുപത്രികൾക്കും താലൂക്ക് ആശുപത്രികൾക്കും മരുന്ന് വിതരണം ചെയ്ത വകയിൽ വിവിധ ഏജൻസികൾക്ക് എത്ര രൂപ വീതം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | **2023-24** സാമ്പത്തിക വർഷത്തേക്കുള്ള മരുന്ന് സംഭരണ പ്രക്രിയകൾക്കായി **356.40** കോടി രൂപയാണ് സംസ്ഥാന സർക്കാർ കെ.എം.എസ്.സി.എൽ - ന് വകയിരുത്തിയിട്ടുള്ളത്. അതിൽ **71.28** കോടി രൂപ കെ.എം.എസ്.സി.എൽ - ന് ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി തുകയായ **285.12** കോടി രൂപ അനുവദിക്കാനും ഉണ്ട്.<br><br>കാരുണ്യ വിഭാഗത്തിൽ നിന്നുള്ള മരുന്ന് വിതരണത്തിന്റെ ഭാഗമായി **DME/DHS**–ൽ നിന്നും **57.09** കോടി രൂപയും, **NHM**-ൽ നിന്ന് **29.06** കോടി രൂപയും **KSSM**-ൽ നിന്ന് **28.46** കോടി രൂപയും **KSACS**-ൽ നിന്ന് **80** ലക്ഷം രൂപയുമടക്കം ആകെ **115.41** കോടി രൂപ കെ.എം.എസ്.സി.എൽ-ന് നാളിതുവരെ നൽകാനുണ്ട്. |
| (സി) | നീതി മെഡിക്കൽ സെന്ററുകളിലും കാരുണ്യ ഫാർമസിയിലും മരുന്നുകൾ ആവശ്യത്തിന് സ്റ്റോക്കില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | മരുന്നുകളുടെ ചില ബ്രാൻഡുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ ലഭ്യമല്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. നിലവിൽ വിവിധ കമ്പനികളുടെ **8000** ൽ പരം മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ലഭ്യമാണ്. കൂടാതെ വിപണികളിൽ |

| | | | |
|---|---|---|---|
| | | | പുതിയതായി സ്ഥാനമുറപ്പിച്ച കമ്പനികളുടെ മരുന്നുകൾ ഇതിൽ ഉൾപ്പെടുത്താനുള്ള ശ്രമവും നടന്നുവരുന്നു.<br><br>**2023** ജനുവരിമാസം മുതൽ **2023** ജൂലൈ മാസം വരെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഔട്ട്ലെറ്റുകളിലൂടെ മാത്രം പൊതുജനങ്ങൾക്കു **83.81** കോടി രൂപ മൂല്യം വരുന്ന മരുന്നുകളും മറ്റു അനുബന്ധ സാമഗ്രികളും വിതരണം ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ചു **51.53** കോടി രൂപ മൂല്യം വരുന്ന മരുന്നുകളും മറ്റു അനുബന്ധ സാമഗ്രികളും ആരോഗ്യ കേന്ദ്രങ്ങളിലേക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇത് കൂടാതെ വിവിധ കേന്ദ്ര - സംസ്ഥാന പദ്ധതികളിലൂടെ ജീവിത ശൈലിരോഗങ്ങൾ, വൃക്കരോഗം, മുതലായവയ്ക്കുള്ള **58.47** കോടി രൂപ മൂല്യം വരുന്ന മരുന്നുകളും മറ്റു അനുബന്ധ സാമഗ്രികളും കാരുണ്യയുടെ വിവിധ മരുന്ന് ഡിപ്പോകളിൽ നിന്നും ആരോഗ്യ കേന്ദ്രങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. മേൽ രീതിയിൽ മൊത്തം **193.81** കോടി രൂപ വില വരുന്ന മരുന്നുകളും മറ്റു അനുബന്ധ സാമഗ്രികളും കാരുണ്യ എന്ന സംരംഭത്തിലൂടെ ഈ വർഷം നിലവിൽ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ